# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3285** **19.10.2016-ൽ മറുപടിയ്ക്ക്**

## ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് നൽകുന്ന ഭവന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് നൽകുന്ന ഭവന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനും സ്വന്തമായി ഭൂമി ഉള്ളവർക്ക് അതിൽ വീട് നിർമ്മിക്കുന്നതിനുമായി 3 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗക്കാർക്ക് വീട് വയ്ക്കുന്നതിന് 3.5 ലക്ഷം രൂപയും അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ നിലവിലുണ്ട്.<br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നുണ്ട്. ഇത്തരത്തിൽ ഭൂമി ലഭ്യമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാർ വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികളായ ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി ഭവനനിർമ്മാണം, ഹഡ്കോ ഭവന നിർമ്മാണം എന്നിവ വഴി ഭവനനിർമ്മാണം നടത്തി വരുന്നു. |

<table>
<tr>
<td>ബി)</td>
<td>മുൻസർക്കാരിന്റെ കാലത്ത് ഭൂരഹിതരായ പട്ടികവിഭാഗക്കാർക്ക് സ്ഥലം കണ്ടെത്തി വിതരണം ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;</td>
<td>ബി)</td>
<td>ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം കണ്ടെത്തി ഭൂമി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.<br>2013-14 സാമ്പത്തികവർഷം ആരംഭിച്ച "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതി പ്രകാരം നാളിതുവരെയായി അർഹരായ 558 പട്ടികവർഗ്ഗ കുടുംബംങ്ങൾക്ക് 195.458 ഏക്കർ ഭൂമി 51,03,37,062/-രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്.</td>
</tr>
<tr>
<td>സി)</td>
<td>പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കായി നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാം;</td>
<td>സി)</td>
<td>പട്ടികജാതി വിഭാഗക്കാർക്കായി ഭവന നിർമ്മാണ ധനസഹായ പദ്ധതി, ദുർബല വിഭാഗ പുനരധിവാസ പദ്ധതി എന്നീ ഭവന നിർമ്മാണ പദ്ധതികൾ നിലവിലുണ്ട്.<br>ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ജനറൽ ഹൗസിംഗ് സ്കീം, എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ പ്രകാരം വീട് അനുവദിച്ച് വരുന്നു.</td>
</tr>
<tr>
<td>ഡി)</td>
<td>പ്രസ്തുത പദ്ധതിപ്രകാരം കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; അതിൽ എത്ര എണ്ണം അനുവദിച്ചു ; വിശദമാക്കുമോ?</td>
<td>ഡി)</td>
<td>കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>പഞ്ചായത്ത്/ മുനിസിപ്പാലിറ്റി</th><th>ലഭിച്ച അപേക്ഷകളുടെ എണ്ണം</th><th>അനുവദിച്ച വീടുകളുടെ എണ്ണം</th></tr>
<tr><td>1</td><td>എടയൂർ</td><td>7</td><td>7</td></tr>
<tr><td>2</td><td>ഇരിമ്പിളിയം</td><td>9</td><td>9</td></tr>
<tr><td>3</td><td>കോട്ടയ്ക്കൽ</td><td>8</td><td>3</td></tr>
<tr><td>4</td><td>കുറ്റിപ്പുറം</td><td>9</td><td>9</td></tr>
<tr><td>5</td><td>മാറാക്കര</td><td>7</td><td>3</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| 6 | പൊന്മള | 5 | 3 |
| 7 | വളാഞ്ചേരി | 8 | 8 |

കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഭവനനിർമ്മാണത്തിനായി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ